**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 128** **07-06-2021 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിൽ കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri G R Anil**<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ കർഷകർക്ക് നിലവിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ; കുടിശ്ശിക അടിയന്തരമായി കർഷകർക്ക് ലഭ്യമാക്കാനായി നടപടികൾ സ്വീകരിക്കുമോ ; | (എ) | കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ 31.05.2021 വരെ 409.48 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. നെല്ലിന്റെ സംഭരണ വില സമയബന്ധിതമായി ലഭ്യമാക്കുവാനായി നിലവിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന (കേരള ബാങ്കുൾപ്പടെ) 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. ഇപ്രകാരം കർഷകർക്ക് സംഭരണവില താമസമില്ലാതെ തന്നെ ലഭ്യമാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട് . |
| (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ മുതൽ നെല്ലിന്റെ സംസ്കരണം വരെയുള്ള എല്ലാ പ്രവർത്തികളും കമ്പ്യൂട്ടർവൽകൃതമാക്കിയിട്ടുണ്ട്. സംഭരണവുമായി ബന്ധപ്പെട്ട് കർഷകർ ഉന്നയിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് ഉചിതമായ പരിഹാരനടപടികൾ അടിയന്തിരമായി സ്വീകരിക്കാറുണ്ട്. |
| (സി) | സപ്ലൈകോ പ്രാദേശിക കർഷകരിൽ നിന്നും നെല്ല് സംഭരിക്കുക വഴി അരിയുടെ വിലസ്ഥിരത ഉറപ്പ വരുത്താൻ സാധിച്ചിട്ടുണ്ടോ; മറ്റു സംസ്ഥാനങ്ങളിൽ നിന്ന് അരി വാങ്ങുന്നതിന് ഇതുമൂലം കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ആയതിൽ വന്ന കുറവ് എത്രയെന്ന് വ്യക്തമാക്കാമോ ; | (സി) | സംസ്ഥാനത്ത് സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം വികേന്ദ്രികൃത ധാന്യ സംഭരണ സംസ്കരണ വിതരണ പ്രക്രിയ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇപ്രകാരം സംഭരിക്കുന്ന നെല്ലിന്റെ അരി പൊതുവിതരണ ശൃംഖല വഴി മാത്രമാണ് വിതരണം ചെയ്യുന്നത്. ഇതിനായി മറ്റു സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങാറില്ല. |
| (ഡി) | നെല്ല് സംഭരണത്തിന് താമസം വരുത്തുന്നത് മൂലം കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയുമായി ഏർപ്പെടുന്ന കരാറിൽ സ്വകാര്യ മില്ലുടമകൾ ഒപ്പുവെക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ചിലപ്പോഴൊക്കെ സംസ്ഥാനത്തിന്റെ |

| | | | |
|---|---|---|---|
| | | | ചിലയിടങ്ങളിൽ നെല്ല് സംഭരണം വൈകുന്നതിന് ഇടയാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ സമയത്ത് കർഷകർ അംഗീകരിക്കുന്ന നിബന്ധന പ്രകാരം കൊയ്ത്തു തുടങ്ങി 30 ദിവസത്തിനുള്ളിൽ നെല്ലുസംഭരിക്കണമെന്നുള്ള സമയപരിധിക്കുള്ളിൽ തന്നെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണനിലവാരമുള്ള നെല്ല് സംഭരിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ